**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1215** **18-09-2025 - ൽ മറുപടിയ്ക്ക്**

**കായികരംഗത്തെ നിക്ഷേപങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകന്ദൻ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക താരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള താരങ്ങളുമായി മത്സരിക്കുന്നതിനുള്ള ശേഷി ഉറപ്പാക്കുന്നതിനായി കായികരംഗത്ത് കൂടുതൽ നിക്ഷേപം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത വിശകലനവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.<br><br>കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.<br><br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെൻററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ് അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം |

പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നു വരുന്നു.

ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ സ്പോട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി എജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലെ സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നു വരികയും ചെയ്യുന്നു.

സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു.

| | | | |
|---|---|---|---|
| (ബി) | കായിക വിനോദരംഗത്ത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി ആരംഭിച്ച ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റിൽ ലഭിച്ച ഓഫറുകൾ പ്രകാരമുള്ള നിക്ഷേപങ്ങൾ ഈ മേഖലയിൽ ലഭ്യമായിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.<br><br>കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.<br><br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെൻററുകൾ സ്ഥാപിക്കുനന്തിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ് അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നു വരുന്നു.<br><br>ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.<br><br>ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി |

| | | | |
|---|---|---|---|
| | | | വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ സ്പോട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി എജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലെ സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നു വരികയും ചെയ്യുന്നു.<br><br>സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ കായിക വിനോദത്തിനും അതുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കും നിർണായക പങ്കാളിത്തം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.<br><br>കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി |

വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെൻററുകൾ സ്ഥാപിക്കുനന്തിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെൻ്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ് അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നു വരുന്നു.

ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ സ്പോട്സ് സെൻ്ററുകൾ സ്ഥാപിക്കുന്നതിനായി ഏജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലെ

| | | | |
|---|---|---|---|
| | | | സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നു വരികയും ചെയ്യുന്നു.<br><br>സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു. |
| (ഡി) | കായിക വിനോദത്തോടൊപ്പം വളരെയധികം പ്രാധാന്യമർഹിക്കുന്ന സ്പോർട്സ് മെഡിസിൻ മേഖലയിൽ സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | കായിക യുവജന കാര്യാലയത്തിന് കീഴിൽ രാജീവ്ഗാന്ധി മെഡിസിൻ സെന്ററിന് പുറമെ കണ്ണൂർ സ്പോർട്സ് സ്കൂൾ, കുന്നംകുളം സ്പോർട്സ് ഡിവിഷൻ, ജി വി രാജ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിൽ മെഡിസിൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന, ജില്ലാ തലത്തിലുള്ള കായികതാരങ്ങൾക്കും ദേശീയ-അന്തർദേശീയ മത്സരങ്ങൾക്ക് തയ്യാറെടുക്കുന്നവർക്കും സമഗ്രമായ കായിക വൈദ്യ സേവനങ്ങൾ സ്പോർട്സ് മെഡിസിൻ സെന്ററുകളിലൂടെ ലക്ഷ്യമിടുന്നു. അത്യാധുനിക രീതിയിലുള്ള ഫിസിയോതെറാപ്പി ഉപകരണങ്ങൾ നിലവിൽ മെഡിസിൻ സെന്ററുകളിൽ ലഭ്യമാണ് കൂടാതെ 2 കോടി രൂപയുടെ ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലൂടെ പരിക്കുകൾക്ക് ശേഷം കായികതാരങ്ങളെ കുറഞ്ഞ കാലയളവിൽ പരിശീലനത്തിലേക്ക് തിരികെ കൊണ്ടുവരാൻ സഹായകരമാവുന്നതാണ്.<br>ആരോഗ്യ വകുപ്പുമായി സഹകരിച്ച് ജില്ലാ, സംസ്ഥാന തലത്തിൽ മെഡിക്കൽ ഫിറ്റ്നെസ്സ് ക്യാമ്പുകൾ മുതലായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ഇതിലൂടെ കായികതാരങ്ങളുടെ ആരോഗ്യപരിശോധന, ഫിറ്റ്നസ് ടെസ്റ്റിംഗ്, പരിക്കുകൾ കണ്ടെത്തൽ എന്നിവ സാധിക്കുന്നതിനോടൊപ്പം കേരളത്തിലെ മൊത്തത്തിലുള്ള കായിക വൈദ്യ മേഖലയെ ശക്തിപ്പെടുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ